**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3265** **25-10-2021 - ൽ മറുപടിയ്ക്ക്**

**ലൈറ്റ് ആന്റ് സൗണ്ട് മേഖലയിലെ തൊഴിലാളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് ലൈറ്റ് ആന്റ് സൗണ്ട് മേഖലയിൽ ജോലി ചെയ്തിരുന്ന എത്ര തൊഴിലാളികൾ ആത്മഹത്യ ചെയ്തു എന്ന് വിശദമാക്കാമോ; | (എ) | ലൈറ്റ് ആന്റ് സൗണ്ട് മേഖലയിൽ ജോലി നോക്കിയിരുന്ന ചില തൊഴിലാളികൾ ആത്മഹത്യ ചെയ്തിരുന്നതായുള്ള വാർത്ത, മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ആത്മഹത്യ ചെയ്ത തൊഴിലാളികളുടെ എണ്ണം ലഭ്യമല്ല. |
| (ബി) | പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ? | (ബി) | ലൈറ്റ് ആന്റ് സൗണ്ട് മേഖലയിലെ തൊഴിലാളികൾക്ക് കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലും കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിലും അംഗത്വമെടുക്കാവുന്നതാണ്. കോവിഡ്-19 പശ്ചാത്തലത്തിൽ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത സജീവ അംഗങ്ങളിൽ അപേക്ഷ സമർപ്പിച്ച എല്ലാ തൊഴിലാളികൾക്കും 2020 കാലയളവിൽ 1000/- രൂപയും ക്വാറന്റൈനിൽ ആയിരുന്ന അംഗങ്ങൾക്ക് 5000/- രൂപയും കോവിഡ് ബാധിതരായ അംഗങ്ങൾക്ക് 10,000/- രൂപയും ക്ഷേമനിധി ബോർഡിൽ നിന്നും വിതരണം ചെയ്തിരുന്നു. 2021 കാലയളവിലും കോവിഡ് ധനസഹായമായി എല്ലാ സജീവ ക്ഷേമനിധി അംഗങ്ങൾക്കും സർക്കാർ പ്രഖ്യാപിച്ച 1000/- രൂപ നൽകി വരുന്നു. കൂടാതെ കോവിഡ്-19 വ്യാപനം മൂലം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 206939 പേർക്ക് കോവിഡ്-19 ആശ്വാസ ധനസഹായമായി 1000/-രൂപ നിരക്കിൽ ഒന്നാം ഘട്ടം 20,69,39,000/-രൂപ വിതരണംചെയ്യുകയും രണ്ടാം ഘട്ടമായി കോവിഡ്-19 ആശ്വാസ ധനസഹായമായി 1000/-രൂപ നിരക്കിൽ 215699 പേർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലും കേരള സംസ്ഥാന |

| | | | |
|---|---|---|---|
| | | | അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിലും അംഗങ്ങളായവർക്ക് ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (I), (II) എന്നീവിധം യഥാക്രമം ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

**കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളായവർക്ക് വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ.**

**1. പെൻഷൻ**

(i) പത്ത് വർഷം തുടർച്ചയായി അംശദായം അടച്ച് 60 വയസ്സ് പൂർത്തിയായ അംഗത്തിന്.

(ii) പത്ത് വർഷം തുടർച്ചയായി അംശദായം അടച്ച് സ്ഥിരമായ ശാരീരിക അവശതമൂലം 2 വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാത്തവർക്ക്.

(iii) മറ്റേതെങ്കിലും ആക്ടിലെ വ്യവസ്ഥ പ്രകാരം ഒരംഗത്തിന് 60 വയസ്സ് പൂർത്തിയാകുന്നതിന് മുമ്പ് എന്നാൽ 55 വയസ്സ് പൂർത്തിയാക്കിയ ശേഷം പെൻഷൻ പറ്റി പിരിയേണ്ടി വന്നാൽ 60 വയസ്സ് പൂർത്തിയാകുന്നതു വരെയുള്ള തൊഴിലാളിയുടെയും തൊഴിലുടമയുടെയും അംശദായം നിധിയിലേയ്ക്ക് അടച്ചാൽ.

**2. കുടുംബ പെൻഷൻ**

(i) 15 വർഷം അംശദായം അടച്ച അംഗം മരണപ്പെട്ടാൽ.

(ii) പെൻഷൻ ലഭിക്കുന്ന അംഗം മരണപ്പെട്ടാൽ.

**3. വിവാഹാനുകൂല്യം**

(i) മൂന്നു വർഷം അംശദായം അടച്ച അംഗങ്ങളുടെ രണ്ട് പെൺമക്കൾക്കും വനിതാ അംഗത്തിനും 7500/-രൂപ

(ii) പുരുഷ അംഗത്തിന് 5000/-രൂപ

**4. പ്രസവാനുകൂല്യം**

(i) വനിതാ അംഗത്തിന് 15000/-രൂപ

(ii) ഗർഭം അലസലിന് 2500/-രൂപ

**5. വിദ്യാഭ്യാസാനുകൂല്യം**

(i) അംഗങ്ങളുടെ മക്കൾക്ക് പഠനകാലയളവിൽ തന്നെ ധനസഹായം ലഭിക്കുന്നു.

(ii) മികച്ച വിജയം നേടുന്നവർക്ക് പ്രത്യേക ധനസഹായം.

(iii) കലാ-കായിക സാംസ്കാരിക രംഗത്ത് പ്രാഗൽഭ്യം തെളിയിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പിനുള്ള ധനസഹായം.

**6. ചികിത്സാ സഹായം**

(i) മൂന്ന് വർഷം അംശദായം അടച്ച അംഗത്തിനും കുടുംബത്തിനും പരമാവധി 10,000/-രൂപ സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിൽസയ്ക്ക്.

**7. മരണാനന്തര സഹായം**

(i) മൂന്ന് വർഷം അംശദായം അടച്ച അംഗം മരണപ്പെട്ടാൽ.

(ii) 5000/- രൂപ മുതൽ പരമാവധി 20,000/-രൂപ വരെ സർവ്വീസ് ദൈർഘ്യം അനുസരിച്ച് ധനസഹായം.

**8. മരണാനന്തര ചെലവ്**

3 വർഷം അംശദായം അടച്ച അംഗത്തിനും അംഗത്തിന്റെ കുടുംബാംഗങ്ങൾക്കും (5000/-രൂപ)

**9. അംശദായം തിരിച്ചു നൽകൽ**

(i) 60 വയസ്സ് പൂർത്തിയാകുമ്പോൾ തൊഴിലാളി വിഹിതമായി അടച്ച അംശദായ തുക തിരിച്ചു നൽകുന്നു.

(ii) മരണാനന്തര സഹായം ലഭിക്കുവാൻ അർഹതയില്ലാതെ മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക്.

(iii) രണ്ട് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ച ശേഷം സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിച്ച അംഗങ്ങൾക്ക്.

Aswathi K.S.
സെക്ഷൻ ഓഫീസർ

അനുബന്ധം II

## കേരള സംസ്ഥാന അസംഘടിതതൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായവർക്ക് വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ.

കേരള സംസ്ഥാന അസംഘടിതതൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടിയിട്ടുള്ള ലൈറ്റ് ആന്റ് സൗണ്ട് മേഖലയിലെ തൊഴിലാളികൾക്ക് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് പ്രകാരം ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

പദ്ധതിയിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വം ഉള്ളവർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ അംഗത്വ കാലയളവിന് ആനുപാതികമായി റിട്ടയർമെന്റാനുകൂല്യം അനുവദിക്കുന്നതാണ്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച ഒരു വനിത അംഗത്തിന് പ്രസവധനസഹായമായി 15,000/- രൂപ വരെ ലഭിക്കുന്നതാണ്. ഈ ആനുകൂല്യം ഒരംഗത്തിന് പരമാവധി രണ്ട് പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ. കൂടാതെ ഒരു വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും പദ്ധതിയിലെ വനിത അംഗങ്ങൾക്കും അവരുടെ വിവാഹധനസഹായമായി 10,000/-രൂപ ലഭിക്കുന്നതാണ്. ഈ ആനുകൂല്യം ഒരംഗത്തിന് 2 തവണ മാത്രമേ ലഭിക്കുകയുള്ളൂ. കുടുംബത്തിലെ മാതാവും പിതാവും പദ്ധതിയിൽ അംഗങ്ങളാണെങ്കിൽ ഒരാൾക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ. പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നയാൾക്ക് അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ റിട്ടയർമെന്റ് പെൻഷൻ(നിലവിൽ 1600/-) ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച്, പെൻഷന് അർഹനായ അംഗം മരണമടഞ്ഞാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷനായി പ്രതിമാസം 300 രൂപ ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം ഒടുക്കിയ അംഗത്തിന് അപകടം മൂലം ജോലി ചെയ്യുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്ന പക്ഷം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത 50%-ന് മുകളിലാണെങ്കിൽ, അവശതാ പെൻഷനായി പ്രതിമാസം 1,600/- രൂപ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതാണ്. ഇതിനായി മെഡിക്കൽ ബോർഡ് നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടാതെ പദ്ധതിയംഗങ്ങളുടെ മക്കൾക്ക് വിവിധ കോഴ്സുകൾക്ക് 1000/-രൂപ മുതൽ 2750/-രൂപ വരെ വിദ്യാഭ്യാസാനുകൂല്യമായി പ്രതിവർഷം നൽകി വരുന്നു. പദ്ധതി അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ഇൻ-പേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വകാലയളവിനുള്ളിൽ പരമാവധി 10,000 രൂപ ചികിത്സാ സഹായമായി നൽകുന്നുണ്ട്. പദ്ധതിയംഗങ്ങൾക്ക് മരണാനന്തരാനുകൂല്യവും അപകടാനുകൂല്യവും ലഭിക്കുന്നതിന് മുഴുവൻ പദ്ധതി അംഗങ്ങളെയും സൗജന്യമായി PMJJBY-പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്. അംഗം മരണമടഞ്ഞാൽ മരണാനന്തര ചെലവുകൾക്കായി 1,000 രൂപ നിധിയിൽ നിന്നും ആശ്രിതന് ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 10 വർഷത്തിൽ കൂടുതൽ അംശദായം അടച്ച അംഗങ്ങൾക്ക് വിവാഹം, വീട്നിർമ്മാണം, സ്വയംതൊഴിൽ ചെയ്യൽ എന്നീ ആവശ്യങ്ങൾക്കായി മൂന്ന് വർഷത്തിനുള്ളിൽ തിരിച്ചടക്കത്ത വിധത്തിൽ പലിശരഹിതവായ്പയും അനുവദിക്കുന്നതാണ്.

Aswathi K.S.
സെക്ഷൻ ഓഫീസർ